**വളരെ അടിയന്തിരം**

നം .ഇ.എക്സ്/എഫ് 1/28496/2022/സി.ജി.ഇ

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം ,
പരീക്ഷാ ഭവൻ , പൂജപ്പുര
തിരുവനന്തപുരം , തീയതി. 14/10/2022

**സർക്കുലർ**

വിഷയം :- പൊതു വിദ്യാഭ്യാസം- പരീക്ഷാഭവൻ - 2022 - 2023 അധ്യയന വർഷത്തെ എസ് എസ് എൽ സി പൊതു പരീക്ഷകൾക്കുള്ള ഉത്തരക്കടലാസുകൾ, സി വി കവറുകൾ എന്നിവയുടെ എണ്ണം കണക്കാക്കി പരീക്ഷാഭവനിൽ ഓൺലൈനായി റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന :- 27/09/2019 തീയതിയിലെ സ.ഉ.(സാധാ) നം 3854/2019/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്.

1. 2022 - 2023 അധ്യയന വർഷത്തെ എസ് എസ് എൽ സി പരീക്ഷയ്ക്ക് മുൻവർഷത്തെ പോലെ പരീക്ഷാഭവനിൽ നിന്നും വിതരണം ചെയ്യുന്ന ഉത്തരക്കടലാസുകളാണ് ഉപയോഗിക്കേണ്ടത്. **മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി ഈ അധ്യയന വർഷം മുതൽ സൂചന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എസ് എസ് എൽ സി , ഹയർ സെക്കണ്ടറി , വൊക്കേഷണൽ ഹയർ സെക്കണ്ടറി എന്നീ വിഭാഗങ്ങൾക്ക് പൊതുവായി ഉപയോഗിക്കത്തക്ക വിധമുള്ള ഏകീകരിച്ച ഉത്തരക്കടലാസുകൾ ആയിരിക്കും.** ഓരോ പരീക്ഷാകേന്ദ്രത്തിലേക്കും ആവശ്യമുള്ള മെയിൻ, അഡിഷണൽ ഉത്തരക്കടലാസുകളുടെയും, സി വി കവറുകളുടെയും എണ്ണം ലഭ്യമാകുന്നതിനു വേണ്ടി ബന്ധപ്പെട്ട ഹൈസ്കൂൾ പ്രധാനാദ്ധ്യാപകർ പരീക്ഷ എഴുതുന്ന കുട്ടികളുടെ എണ്ണം പരീക്ഷാഭവൻ വെബ്സൈറ്റായ **www.sslcexam.kerala.gov.in** ൽ നൽകേണ്ടതാണ്. ഇതിനായി HM login ൽ പ്രവേശിച്ച് User ID യും (School Code) Password ഉം നൽകി login ചെയ്യുക. തുടർന്ന് ലഭിക്കുന്ന window ൽ Answer Paper Management എന്ന menu സെലക്ട് ചെയ്ത് വിവരങ്ങൾ രേഖപ്പെടുത്തുക. വിവരങ്ങൾ save ചെയ്ത ശേഷം റിപ്പോർട്ടിന്റെ പ്രിൻറ് എടുക്കാവുന്നതാണ്. റിപ്പോർട്ടിന്റെ പകർപ്പ് പരീക്ഷാഭവനിലേക്ക് അയക്കേണ്ടതില്ല. ഇത്തരത്തിൽ കൃത്യമായ വിവരങ്ങൾ ഒക്ടോബർ 27-ന് മുൻപ് ഓൺലൈനായി രേഖപ്പെടുത്തേണ്ടതാണ്. എല്ലാ കോളങ്ങളിലും വിവരങ്ങൾ രേഖപെടുത്തിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

2. പരീക്ഷാ പ്രാധാന്യം കണക്കിലെടുത്ത് ഇക്കാര്യത്തിൽ യാതൊരുതരത്തിലുമുള്ള വീഴ്ചയും ഉണ്ടാകാൻ പാടുള്ളതല്ല. നിശ്ചിത

Scanned with CamScanner

സമയത്തിനുള്ളിൽ വിവരങ്ങൾ ലഭ്യമാക്കാത്ത പരീക്ഷാകേന്ദ്രങ്ങൾക്ക് യാതൊരു കാരണവശാലും പരീക്ഷാഭവനിൽ നിന്നും ഉത്തരക്കടലാസുകൾ വിതരണം ചെയ്യുന്നതല്ല. ഇത്തരം സ്കൂളുകളിലെ പ്രധാനാദ്ധ്യാപകർ അവർക്ക് ആവശ്യമായ ഉത്തരക്കടലാസുകളും, സി വി കവറുകളും 2023 മാർച്ച് മാസത്തിൽ ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും ഏറ്റെടുക്കേണ്ടതും ആയതിൻറെ ചിലവ് സ്വയം വഹിക്കേണ്ടതുമാണ്.

3. കുട്ടനാട്, ആലപ്പുഴ, തിരുവല്ല, പാല, കട്ടപ്പന, കടുത്തുരുത്തി, കോതമംഗലം എന്നീ വിദ്യാഭ്യാസ ജില്ലകളിലെ പരീക്ഷാ കേന്ദ്രങ്ങളിൽ മുൻ വർഷത്തെ ഉത്തരക്കടലാസുകൾ തന്നെയാണ് ഇത്തവണയും ഉപയോഗിക്കുക. ആയതിനാൽ പ്രധാനാദ്ധ്യാപകർ 2022 - 2023 അധ്യയന വർഷം പരീക്ഷ എഴുതുമെന്ന് പ്രതീക്ഷിക്കുന്ന കുട്ടികളുടെ ആകെ എണ്ണം മാത്രം രേഖപ്പെടുത്തുകയും സ്ക്രീനിൽ കാണാവുന്ന ഉത്തരക്കടലാസുകളുടെയും, സി വി കവറുകളുടെയും എണ്ണം ശരിയാണോ എന്ന് താഴെ കൊടുത്തിട്ടുള്ള രീതിയിൽ കണക്കാക്കി ബോധ്യപ്പെടേണ്ടതുമാണ്.

| | | |
|---|---|---|
| മെയിൻ ഉത്തരക്കടലാസുകൾ | : | ആകെ കുട്ടികളുടെ എണ്ണം x 9 |
| അഡിഷണൽ ഉത്തരക്കടലാസുകൾ | : | ആകെ കുട്ടികളുടെ എണ്ണം x 9 x 7 |
| സി വി കവറുകൾ | : | ആകെ കുട്ടികളുടെ എണ്ണം x 9 ÷ 16 |

4. ബാക്കിയുള്ള വിദ്യാഭ്യാസ ജില്ലകളിലെ പ്രധാനാദ്ധ്യാപകർ 2022 - 2023 അധ്യയന വർഷം പരീക്ഷ എഴുതുമെന്ന് പ്രതീക്ഷിക്കുന്ന കുട്ടികളുടെ ആകെ എണ്ണം മാത്രം രേഖപ്പെടുത്തിയാൽ മതിയാകും. ആവശ്യമുള്ള ഉത്തരക്കടലാസുകളുടെയും, സി വി കവറുകളുടെയും എണ്ണം സ്ക്രീനിൽ കാണാവുന്നതാണ്. ഇത് ശരിയാണോ എന്ന് താഴെ കൊടുത്തിട്ടുള്ള രീതിയിൽ കണക്കാക്കി ബോധ്യപ്പെടേണ്ടതാണ്.

| | | |
|---|---|---|
| മെയിൻ ഉത്തരക്കടലാസുകൾ | : | ആകെ കുട്ടികളുടെ എണ്ണം x 9 |
| അഡിഷണൽ ഉത്തരക്കടലാസുകൾ | : | ആകെ കുട്ടികളുടെ എണ്ണം x 9 x 3 |
| സി വി കവറുകൾ | : | ആകെ കുട്ടികളുടെ എണ്ണം x 9 ÷ 16 |

5. 2022 നവംബർ ആദ്യവാരം മുതൽ ഉത്തരക്കടലാസുകളും, സി വി കവറുകളും പരീക്ഷാകേന്ദ്രങ്ങളിൽ നേരിട്ട് എത്തിക്കുന്നതായിരിക്കും. ഇങ്ങനെ ലഭിക്കുന്നവ പ്രത്യേകം അലമാരകളിൽ സൂക്ഷിക്കേണ്ടതും സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി പ്രധാനാദ്ധ്യാപകൻ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

Scanned with CamScanner

ഉത്തരക്കടലാസുകളും, സി വി കവറുകളും മറ്റ് ആവിശ്യങ്ങൾക്കായി യാതൊരു കാരണവശാലും ഉപയോഗിക്കുവാൻ പാടുള്ളതല്ല. ഇത്തരം കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ തുടർ നടപടികൾ സ്വീകരിക്കുന്നതിലേക്കായി വിദ്യാഭ്യാസ ഓഫീസർമാർ വിവരം പരീക്ഷാ സെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതാണ്.

ജോയിന്റ് കമ്മീഷണർ

1. എല്ലാ ഹൈസ്കൂൾ പ്രധാനാദ്ധ്യാപകർക്കും.
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
3. സിസ്റ്റം മാനേജർ - വിവരങ്ങൾ ഓൺലൈനായി ലഭിക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനായി.
4. സൂക്ഷിപ്പ് ഫയൽ.

Scanned with CamScanner